# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3887

19.03.2018-ന് മറുപടിയ്ക്ക്

## സ്കൂളുകൾക്ക് ചുറ്റുമതിൽ കെട്ടുന്നതിന് ഫണ്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ആൻസലൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിൽ ചുറ്റുമതിൽ ഇല്ലാത്ത സ്കൂളുകൾ നിലവിൽ ഉണ്ടോ; എങ്കിൽ ഹൈസ്ക്കൂൾ, യു.പി, എൽ.പി എന്നീ വിഭാഗത്തിൽ എത്ര സ്കൂൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) തിരുവനന്തപുരം ജില്ലയിൽ 15 എൽ.പി. സ്കൂളുകളിലും 5 യു.പി. സ്കൂളുകളിലും ചുറ്റുമതിൽ ഇല്ല. ഹൈസ്ക്കൂൾ വിഭാഗത്തിൽ ചുറ്റുമതിൽ ഇല്ലാത്ത സ്കൂളുകൾ ഇല്ല. |
| (ബി) ചുറ്റുമതിൽ ഇല്ലാത്ത സ്കൂളുകൾക്ക് മതിൽ കെട്ടുന്നതിന് വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഫണ്ട് നൽകാറുണ്ടോ; | (ബി) ഫണ്ട് നൽകാറില്ല. |
| (സി) 2017-18 സാമ്പത്തിക വർഷത്തിൽ സ്കൂളുകൾക്ക് ചുറ്റുമതിൽ കെട്ടുന്നതിന് ഫണ്ട് നൽകിയിട്ടുണ്ടോ; എത്ര സ്കൂളുകൾക്ക് ഫണ്ട് നൽകി എന്ന് വ്യക്തമാക്കാമോ; | (സി) സ്കൂളുകൾക്ക് ചുറ്റുമതിൽ കെട്ടുന്നതിന് ഫണ്ട് നൽകിയിട്ടില്ല. |
| (ഡി) ചുറ്റുമതിൽ ഇല്ലാത്ത സ്ക്കൂളുകൾക്ക് ചുറ്റുമതിൽ നിർബന്ധമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;എങ്കിൽ ഉത്തരവിന്റെ നമ്പരും തീയതിയും വ്യക്തമാക്കാമോ? | (ഡി) ചുറ്റുമതിൽ ഇല്ലാത്ത സ്ക്കൂളുകൾക്ക് ചുറ്റുമതിൽ നിർബന്ധമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ